# ACADEMIC MASTER PLAN

RGMLPS

CHERUKARA

2025-26



# INDEX


| S.No | Activities | P.No: |
| --- | --- | --- |
| 1 | ആമുഖം | 1 |
| 2 | പൊതുലക്ഷ്യം | 2-1 |
| 3 | class. 1 | 3-13 |
| 4 | class. II | 14-22 |
| 5 | class. III | 22-34 |
| 6 | class. IV | 35-45 |
| 7 | Pre. Primary | 46-53 |
| 8 | ലക്ഷ്യങ്ങൾ | 54 |
| 9 | വിദ്യാലയ ഭൗതിക സാഹചര്യം. | 55 |
| 10 | വിദ്യാലയ വികസന പദ്ധതി. | 56. 57 |

# ആമുഖം

എല്ലാ കുട്ടികൾക്കും -

ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി. പൊതുസമൂഹത്തിന്റെ പിന്തുണയോടു കൂടി അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കു. വിദ്യാഭ്യാസ അവകാശനിയമത്തിൽ പരാമർശിക്കുന്ന വിദ്യാർത്ഥിയുടെ അവകാശമായ ഗുണമേന്മ വിദ്യാഭ്യാസം എല്ലാവർക്കും എന്ന ലക്ഷ്യം നിറവേറ്റുന്നതിന് നമ്മുടെ വിദ്യാലയം കാര്യക്ഷമമായി മാറ്റിയെടുക്കേണ്ടത് ആവശ്യമാണ് [അക്കാദമികവും, ഭൗതികവും] മായ സഹായങ്ങൾ ചെയ്തുകൊടുക്കുവാൻ വേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ മാസ്റ്റർ പ്ലാനുകൾ സഹായിക്കും സ്കൂളിന്റെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനു വേണ്ടി. പൊതുസമൂഹവും, അധ്യാപകരും വിദ്യാഭ്യാസ സംവിധാനങ്ങളും കൂട്ടായി പ്രവർത്തിക്കണം. വിദ്യാലയത്തിന്റെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിൽ അക്കാദമിക മാസ്റ്റർ പ്ലാൻ വലിയ പങ്ക് വഹിക്കുന്നു.

## പൊതുലക്ഷ്യങ്ങൾ

പൊതുവിദ്യാഭ്യാസ സംരക്ഷണത്തിലൂടെ യാഥാർത്ഥ്യമാക്കാൻ ഉദ്ദേശിക്കുന്ന ഉദ്ദേശിക്കുന്ന ചില പൊതുവായ കാര്യങ്ങൾ ചുവടെ നൽകുന്നു.

1) സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ തന്നെ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.

2) ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും രക്ഷിതാക്കളുടക്കമുള്ള സമൂഹത്തെ അറിയിക്കും.

3) കുട്ടികളുടെ സർഗ്ഗപരതയും അക്കാദമികപരവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സമൂഹത്തിൽ ശ്രദ്ധേയരായ പൗരന്മാരായി വളർത്തും.

4) എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് എന്നി ഭാഷകൾ വായിക്കുവാനും എഴുതുവാനുമുള്ള കഴിവ് ഉറപ്പുവരുത്തും.

5) ഗണിതപരമായ കഴിവുകളിലും കുട്ടികളെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. അതിനായി ഗണിതപഠനം രസകരവും ആസ്വാദ്യകരവുമാക്കുന്നതിനുള്ള ഗണിതപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഗണിതശേഷികൾ കുട്ടികളിൽ എത്തിയെന്ന് ഉറപ്പ് വരുത്തുന്നു.

Class - I

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.

# പ്രവർത്തന പദ്ധതികൾ

**ലക്ഷ്യം-1** : ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലഭ്യമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

## ജൂൺ

- ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥകളിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു.
- രക്ഷിതാക്കൾക്ക് കഥപറയൽ പരിശീലനം.

## ജൂലൈ

- ടീച്ചർ പുസ്തകങ്ങൾ (കഥ) ഭാവാത്മകമായി വായിച്ചു കേൾപ്പിക്കുന്നു.
- വീട്ടുവായന: രക്ഷിതാക്കൾ പുസ്തകങ്ങൾ വായിച്ചു കേൾപ്പിക്കുന്നു. (പങ്കാളിവായന)
- രക്ഷിതാക്കളെ കുട്ടികളുടെ വായനയിൽ പങ്കാളികളാക്കുക.
- ഒന്നാം തരം കുട്ടികളുടെ നിലവാരത്തിലുള്ള വായനാപുസ്തകങ്ങൾ ശേഖരിച്ച് അവ ക്ലാസ് മുറിയിൽ വായനാമൂലയായി ഒരുക്കുക.

- ഓരോ കഥയിലെ ആശയത്തെ ചിന്തിക-ിക്കുന്നു.
- ചിത്രവായന, വായനാ കാർഡ് വായന എന്നിവയ്ക്ക് സജ്ജരാക്കുവാൻ വേണ്ട സഹായം നൽകുന്നു.
- ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു.
- ചിത്രകാർഡുകൾ
- വീട്ടിൽ സന്ധ്യകളിലെന്നിൽ കഥ കാണാനും കേൾക്കുവാനുമുള്ള അവസരവും പുനരവതരണത്തിനുള്ള സാധ്യതകൾ ഒരുക്കൽ.
- വായനോത്സവം മുതൽ വായനാ മലയാളം വരെ നടത്തിക്കുന്നതിൽ രക്ഷിതാക്കളും അധ്യാപികയും കുട്ടികൾക്കൊപ്പം നിൽക്കുക.

* കഥ ശില്പശാല.
* ചിത്രകാർഡുകൾ, വായനാകാർഡുകൾ നിർമ്മാണ ശില്പശാല.
* വായനോത്സവം നടത്തിപ്പിനെ പറ്റി ചർച്ച നടത്താം.
* സംയുക്ത ഡയറി വിലയിരുത്തൽ.

ഒന്നാം ടേമിന്റെയോ രണ്ടാം ടേമിന്റെയോ അവസാനത്തോടുകൂടി വായനോത്സവം നടത്തണം എന്ന് CPTA യിൽ ചർച്ച ചെയ്യണം.

## ആഗസ്റ്റ്.

- തിയേറ്റർ സാധ്യതകൾ, വായന കേളികൾ എന്നിവയുപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കൽ.
- കഥയുടെ പുനരവതരണം വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെയും പ്രോപ്പർട്ടികളിലൂടെയും സഹായത്തോടെയും അവതരിപ്പിക്കാൻ അവസരം നൽകുന്നു.
- ഭാവ പ്രകടനത്തോടെ അവതരിപ്പിക്കണം. വോയിസ് മോഡുലേഷൻ ഉപയോഗിച്ച് കഥയിലെ കഥാപാത്രങ്ങളുടെ സൗണ്ട് അനുകരിച്ച് അതുപോലെ അഭിനയിപ്പിക്കാം.
- ഭാവാത്മക വായനയ്ക്ക് അവസരം നൽകുക.
- ICT സാധ്യതയും ഉപയോഗിക്കാം.

## സെപ്റ്റംബർ

- ചിത്രവായന നടത്തി പ്രസക്തമായ കാര്യങ്ങൾ വാചികമായി പങ്കിടുന്നു. (കുട്ടിയുടെ വാചിക പ്രകടനങ്ങൾ.)
- ചിത്രങ്ങളുടെ സഹായത്തോടെ ലഘുത്തമായ വായനാകാർഡുകൾ തയ്യാറാക്കൽ.

- ചിത്രവായനയിൽ കുട്ടികളെ പങ്കാളികളാക്കുക.
- ചിത്രങ്ങളുടെ സഹായത്തോടെ ലളിതമായ അടിക്കുറിപ്പുകൾ എഴുതൽ.
- CPTA തിയതിയിൽ നടത്താം.
- രക്ഷിതാക്കളെ കുട്ടികളുടെ വായനയിൽ പങ്കാളികളാക്കുക.

## ഒക്ടോബർ

- കൂട്ടുവായന കുട്ടികൾ തമ്മിൽ പരസ്പരം സഹായിച്ച് ചിത്രവായന നടത്തുന്നു.
- ലളിതമായ വായനാകാർഡുകൾ പരസ്പര സഹായത്തോടെ വായിക്കുന്നു.
- വേദികളിൽ സ്വതന്ത്രമായി കഥ പറയൽ.

## നവംബർ & ഡിസംബർ

- ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ അധ്യാപികയും രക്ഷിതാക്കളും എഴുതുന്നു. കുട്ടി സഹായത്തോടെ വായിക്കുന്നു.
- കുട്ടികൾ നിർമ്മിച്ച ചിത്രങ്ങളുടെ പ്രകാശനം
- നാട്ടുവായന
- കുട്ടികൾ നിർമ്മിച്ച കഥകൾ അവർതന്നെ വായിക്കുന്നത് നവമാധ്യമങ്ങളിലൂടെ പങ്കിടുന്നു

## ജനുവരി

- ടീച്ചർ മുൻകൂട്ടി തയ്യാറാക്കിയ കഥകൾ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ വായിക്കുന്നു.
- വായനാകാർഡുകൾ രക്ഷിതാക്കളുടെ സഹായത്തോടെ തയ്യാറാക്കുന്നു.
- സമഗ്ര വിലയിരുത്തലും പഠനപുരോഗതിയും ഓരോ യൂണിറ്റ് തീരുമ്പോഴും ഒരു അവലോകനം നടത്തണം - CPTA

## ഫെബ്രുവരി

- ചെറിയ ചെറിയ ബാലസാഹിത്യ കൃതികൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു. കുട്ടികൾ രക്ഷിതാക്കളുടെ പിന്തുണയോടെ വായിക്കുന്നു.
- ചിത്രകഥാ പുസ്തകങ്ങൾ വായിക്കുന്നു. സചിത്ര പുസ്തകങ്ങൾ വായിക്കുന്നു. നവ മാധ്യമങ്ങളിൽ പങ്കിടുന്നു- നാട്ടുവായന.

## മാർച്ച്

- എല്ലാ പഠന പ്രവർത്തനങ്ങളിലൂടെയും കടന്നു പോയിട്ടുണ്ടെന്ന് വിലയിരുത്തു
- CPTA കൾ കൃത്യമായി കൂടിയോ എന്ന്

# English

## June - July

- Chart containing colouring, names of vehicles etc.
- List containing name of various objects
- Description of objects.
- Completed conversation

## August - September.

- Chart containing names of birds, animals, etc
- Completed conversation
  completed songs.
- Descriptions of objects, birds and animal.

## October - November

- Short decriptions of familiar objects/persons.
- Lines added to songs.
- Dialogues related to specific context

- Digital document of choreography, skit etc.

December - January

- Short description of familiar objects persons.
- Lines added to songs.
- Dialogues related to specific context
- Descriptions of events in past and present.

February - March

- Develop a positive attitude toward socialisation and friendship.
- Empathy and follow feeling, etc.
- User possessives.
- Gets familiairised with several action words in simple past and presents.
- Use action verbs in oral & written discourser.

# ഗണിതം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും, ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേടിയെടുക്കുമ്പോൾ ഗണിതം പിന്തള്ളി പോകാത്ത മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇതിനായി ഒന്നാം ക്ലാസിൽ നിന്നും തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

<u>ജൂൺ</u>

* ചുറ്റുപാടും നിരീക്ഷിച്ച് ദ്വിമാന, ത്രിമാന രൂപങ്ങൾ തിരിച്ചറിയുകയും വേർതിരിക്കുകയും ചെയ്യുന്നതിന്.
* വ്യത്യസ്ത വസ്തുക്കൾ ഉപയോഗിച്ച് വിവിധ രൂപങ്ങൾ ഉണ്ടാക്കാൻ.
* 1 മുതൽ 5 വരെയുള്ള സംഖ്യകൾ വായിക്കുക എഴുതുക.
* 1 മുതൽ 5 വരെയുള്ള സംഖ്യകളിൽ ചെറുത് വലുത് കണ്ടെത്തുക
* വ്യത്യസ്ത തരത്തിൽ കൂട്ടങ്ങളാക്കുക.

## ജൂലൈ

* നിത്യ ജീവിതവുമായി ബന്ധപ്പെട്ട് 9 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട ആശയങ്ങൾ വിശകലനം ചെയ്യുക.
* കൂട്ടങ്ങളാക്കി വ്യത്യസ്ത രീതിയിൽ എണ്ണാനും പറയുവാനും കഴിയുക.

## ആഗസ്റ്റ്

* 1 മുതൽ 20 വരെയുള്ള സംഖ്യകൾ വായിക്കുകയും എഴുതുകയും ചെയ്യുന്നു.
* താരതമ്യം ചെയ്ത് വലുത്. ചെറുത് കണ്ടെത്തുന്നു.

## സെപ്തംബർ

* സങ്കലന വ്യവകലന ക്രിയകൾ പരിചയപ്പെടുന്നു.
* '+' '-' ചിഹ്നങ്ങൾ മനസിലാക്കുന്നു, തിരിച്ചറിയുന്നു.
* പകുതി ജോടി എന്നിവ കണ്ടെത്തൽ വ്യത്യസ്ത വഴികളിലൂടെ
* തുക 20 വരെ കിട്ടുന്ന രണ്ട് ഒറ്റ സംഖ്യകളുടെ തുക കാണൽ.
* 20 വരെയുള്ള സംഖ്യയിൽ നിന്ന് ഒറ്റ സംഖ്യകളുടെ വ്യത്യാസം കാണൽ

## ഒക്ടോബർ

* 1 മുതൽ 100 വരെയുള്ള സംഖ്യകൾ വായിക്കുന്നതിനും എഴുതുന്നതിനും
* ഒറ്റ, രണ്ടക്ക സംഖ്യകളുടെ തുക (20 വരെ) മനക്കണക്കായി പറയുന്നതിന്.

ഉദാഹരണത്തിലൂടെ എന്തെന്ന് കണ്ടെത്തുന്നു.

## നവംബർ

* വസ്തുക്കളുടെ താരതമ്യം.
* ഭാരം കൂടിയത് കുറഞ്ഞത്. നീളം കൂടിയത് നീളം കുറഞ്ഞത് കണ്ടെത്തുന്നതിന് ഊഹിച്ചും അല്ലാതെയും.
* നിത്യ ജീവിതത്തിൽ അളവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്.

## ഡിസംബർ

* സമയം അമൂല്യമാണ് അത് കൃത്യമായി ഉപയോഗപ്പെടുത്തൽ
* കലണ്ടർ ഉപയോഗം

## ജനുവരി

* സംഖ്യാബോധം, സാമൂഹ്യബോധം.
* പ്രശ്നപരിഹരണ പാടവം
* ഓരോ സംഖ്യ സന്ദർഭത്തിനനുസരിച്ച് വ്യാഖ്യാനിക്കൽ.

## ഫെബ്രുവരി & മാർച്ച്

* ദത്തങ്ങൾ അന്വേഷിക്കാനും ശേഖരിക്കാനും
* ദത്തങ്ങളുടെ പരസ്പരബന്ധം കണ്ടെത്തൽ.

ഗണിത ക്രിയകൾ ചെയ്യാനുള്ള വ്യത്യസ്ത മാർഗങ്ങൾ ആലോചിക്കുകയും ഏറ്റവും കാര്യക്ഷമമായ വഴി കണ്ടുപിടിക്കുവാനുള്ള കഴിവാണ് നാം കുട്ടികളിൽ വളർത്തിയെടുക്കേണ്ട

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ആർ ജി എം എൽ പി എസ് ചെറുകര

## Std II

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ മുഖ്യധാരയിൽ പിന്നിലായ കുട്ടികളുടെ ഭാഷാവികാസം, ഗവേഷണാത്മകശേഷി, സർഗ്ഗാത്മകശേഷി, വൈകാരികശേഷി എന്നിവ പരിഗണിച്ചുള്ള ക്ലാസ്‌തലമാസ്റ്റർപ്ലാൻ അവതരിപ്പിക്കുന്നത്. പഠനശേഷി വികാസങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടെയും സന്തോഷപ്രദമായ വികസനമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ തലങ്ങളിലും മികവുറ്റവരാക്കി കുട്ടിയെ മാറ്റി മികവുറ്റവരാക്കിത്തീർക്കുക എന്നതാണ് ലക്ഷ്യം.

# മലയാളം

## പ്രവർത്തനലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയഗ്രഹണവായന ഉറപ്പാക്കുക

ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റുകളില്ലാത്ത വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.

വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ മെച്ചപ്പെടുകയും വ്യക്തിഗത രചനകളിൽ മെച്ചപ്പെടുകയും ചെയ്യുന്നു.

ചിത്രത്തെ അടിസ്ഥാനമാക്കി സംഭാഷണം, ലഘുവിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.

ആശയം, ഈണം/താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുന്നു.

# മുന്നൊരുക്കം

പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിൽ ഉള്ള കുട്ടികളെയും കണ്ടെത്തുന്നു.

കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കുന്നതിന് ഉള്ള അവസരമുണ്ടാക്കുന്നു.

## ജൂൺ

- ചിത്രക്കാർഡുകൾ നൽകൽ
- ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ
- വായനാസാമഗ്രികൾ നിർമ്മിക്കൽ
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ

## ജൂലൈ

- ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.
- സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി, സജ്ജീകരിക്കൽ, പ്രദർശനം നടത്തൽ
- എഴുത്തിന്റെ വിവിധതലങ്ങൾ പരിചയപ്പെടുത്തൽ

## ഓഗസ്റ്റ്

- ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ
- രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ.
- ലൈബ്രറി ഒരുക്കൽ
- ചിത്രവിവരണം.
- വായനതലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.
- ഭാഷാവികാസമേഖലയിൽ എത്തിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

## സെപ്റ്റംബർ

- വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ

വായിച്ച കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ

വായിച്ച കഥാംശങ്ങൾക്ക് രംഗാവിഷ്കാരം നടത്തൽ

പാട്ടരങ്ങ്, പ്രകൃതിനടത്തം, ചിത്രവിവരണം, ഭാഷണം, ലേഖനത്തിന് അവസരമൊരുക്കൽ

## ഒക്ടോബർ

കേട്ടതോ വായിച്ചതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ.

- വിവിധതരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ
- ആൽബം, വായനാകാർഡുകൾ ഒരുക്കുന്നു.

## നവംബർ

- കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു.
- എന്റെ വളരുന്ന പുസ്തകം തയ്യാറാക്കുന്നു.

## ഡിസംബർ

- ലേഖനപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗതമാഗസിനുകൾ തയ്യാറാക്കൽ
- വിവിധ വ്യവഹാരരൂപങ്ങൾക്ക് ഊന്നൽ

## ജനുവരി

വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരങ്ങൾ - കവിതാപൂരണം.
ലഘുവിവരണങ്ങൾ, അറിയിപ്പുകൾ, പോസ്റ്ററുകൾ

## ഫെബ്രുവരി

ഭാഷണം, ലേഖനം എഴുത്ത്
സ്വതന്ത്രസർഗാത്മകപ്രവർത്തനങ്ങൾ

## മാർച്ച്

വ്യക്തിഗതവായന
വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചിത്രവായ
ക്ലാസ്ലൈബ്രറി, സ്കൂൾലൈബ്രറി ശക്തമാക്കൽ.
ഡോക്യുമെന്റേഷൻ, അവതരണം.

# പരിസരപഠനം

പ്രവർത്തനലക്ഷ്യം

* പരിസ്ഥിതിസൗഹൃദമനോഭാവം വളർത്തിയെടുക്കുക
* ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക
* കുട്ടികളെ വ്യക്തിശുചിത്വവും പരിസരശുചിത്വവും ഉള്ളവരാക്കുക
* ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക.

| മാസം | പ്രവർത്തനം |
|---|---|
| ജൂൺ - ഒക്ടോബർ | പ്രകൃതിനടത്തം, ജീവജാലങ്ങളെ നിരീക്ഷിക്കാം ആവാസവ്യവസ്ഥകൾ തിരിച്ചറിയാം, മലിനീകരണ പ്രശ്നം, ഫീൽഡ് ട്രിപ്പ്, ഡോക്യുമെന്ററി, പോസ്റ്റർ |
| ജൂൺ - മാർച്ച് | സ്കൂൾ പൂന്തോട്ടം, വീട്ടിൽ പൂന്തോട്ടം, അടുക്കളത്തോട്ടം, പരിസ്ഥിതിദിനാചരണം - തൈ നടീൽ, പരിപാലനവും, വേനലിൽ ജീവികൾക്ക് ദാഹജലം |
| ജൂൺ - മാർച്ച് | ദിനകൃത്യങ്ങളുടെ പ്രാധാന്യം<br>ക്ലാസ്തല ശുചിത്വമത്സരം |
| ജനുവരി - മാർച്ച് | ഫീൽഡ് ട്രിപ്പ്<br>നദി/പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് |
| ഡിസംബർ - ഫെബ്രുവരി | പരീക്ഷണങ്ങൾ |
| ഡിസംബർ - ഫെബ്രുവരി | ശാസ്ത്രജ്ഞനോടൊപ്പം<br>ക്യാമ്പ് |
| ജനുവരി - മാർച്ച് | പക്ഷിനിരീക്ഷണം. |

# ഗണിതം

## ജൂൺ

- പാറ്റേണുകളിലെ സംഖ്യാബന്ധം കണ്ടെത്തൽ
- ലഘുതമഗുണിതം, ഉത്തമഘടകം.

## ജൂലൈ

- ഗണിതക്വിസ് പരിചയപ്പെടൽ
- പരപ്പളവിന്റെയും ചുറ്റളവിന്റെയും കൂട്ടങ്ങൾ ചേർന്ന് [illegible] രൂപീകരിക്കൽ
- കൂട്ടങ്ങൾ വെവ്വേറെയാക്കി തുടർച്ചയായിട്ടുള്ള [illegible] എണ്ണം [illegible]

## ഓഗസ്റ്റ്

- വിവിധ പാറ്റേണുകൾ രൂപീകരിക്കൽ
- സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ
- പ്രായോഗികഗണിതാശയങ്ങൾ ഉൾപ്പെടുത്തൽ

## സെപ്റ്റംബർ

- വിലവിവരപ്പട്ടിക തയ്യാറാക്കൽ
- ക്ലാസിലെയും, സ്കൂളിലെയും ഗണിതാശയങ്ങൾ പ്രായോഗികരീതിയിലൂടെ ഉറപ്പിക്കൽ.

## ഒക്ടോബർ

- രണ്ടക്കസംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
- സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ പരിഹരിക്കൽ.
- സംഖ്യാപാറ്റേൺ രൂപീകരിക്കൽ.

## നവംബർ

- സ്ഥാനവില തിരിച്ചറിയൽ
- കളിനോട്ടുകൾ തയ്യാറാക്കൽ, പ്രായോഗികപ്രശ്നങ്ങൾ നിർധാരിക്കൽ
- നോട്ടുകൾ, നാണയങ്ങൾ തിരിച്ചറിയൽ.

## ഡിസംബർ

- സംഖ്യാവ്യാഖ്യാനം.
- സ്ഥാനവില പ്രശ്നം പരിഹരിക്കൽ
- സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മാണം.

## ജനുവരി

- വിലവിവരപ്പട്ടിക തയ്യാറാക്കൽ, പട്ടികയെ വിശകലനം ചെയ്യൽ, പ്രായോഗികപ്രശ്നങ്ങൾ രൂപീകരിക്കൽ, നിർധാരണം ചെയ്യൽ.
- സങ്കലനവ്യവകലനക്രിയകൾ ഉൾപ്പെടുന്ന പ്രായോഗികപ്രശ്നങ്ങൾ നിർധാരണം ചെയ്യൽ

## ഫെബ്രുവരി

- ഗണിതാശയങ്ങൾ ഉൾക്കൊള്ളുന്ന പതിപ്പുകൾ തയ്യാറാക്കൽ.
- ഗണിതശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുന്നു

## മാർച്ച്

കലണ്ടർ പതിപ്പ് നിർമ്മാണം.

- കലണ്ടറിന്റെ പ്രത്യേകതകൾ തിരിച്ചറിയുന്നു.

# ENGLISH



| Month | Activities. |
|---|---|
| June-July | Games, Action song, Hello English Activities, Stories, conversation, ICT usage, Picture cards, word associating pictures, symbol description, Growing sentences, self introduction, English assembly Word web, word chain, sentence chain, riddles, conversations, add more lines, speech, book review, quiz, self introduction, description. |
| August - September | News paper reading, library books reading, book review find words, TB activities, games, action song, conversation, stories, picture-word association cards, word web, describing words, word chain, make riddles, conversation, Add more lines. |
| October - November | expression of thoughts, feelings etc, newspaper reading, library books reading, reads breaking news, developing stories, notice, poster, word web, word card, sentence card, word chain, sentence chain. |
| December - January | creative speaking, creative writing, news paper reading, book review, skit stories, ICT, diary, informal letters, story development, announcement. |
| February - March. | presentation skill development, reads newspaper, story developing, add more lines, read diary, poster, documentation |

# ആമുഖം

## ക്ലാസ് - III

മൂന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികാസമാണ് ലക്ഷ്യം വയ്ക്കുന്നത്. ഉയർന്ന് വരുന്ന മറ്റ് അക്കാദമിക നേട്ടങ്ങൾ ഉണ്ടാക്കുന്നതിനോടൊപ്പം കുട്ടിയുടെ ശാരീരികവും മാനസികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. പുതിയ വർഷത്തിൽ കുട്ടിക്ക് ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും കൂടുതൽ അവബോധം ഉണ്ടാകാനും സമൂഹത്തിൽ വിദ്യാസമ്പന്നരായി മാറാനും ഈ പ്രവർത്തനങ്ങൾ മൂലം ഓരോ കുട്ടികളും സജ്ജരാകുന്നതാണ്.

# പഠനലക്ഷ്യങ്ങൾ

* കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
* രചനകൾ ഭാവാത്മകമായി വായിക്കുന്നു.
* ആസ്വദിച്ച ഭാഷാശകലങ്ങൾ ( കഥ , കവിത , നാടൻപാട്ട് , കടങ്കഥ, പഴഞ്ചൊല്ല്... മുതലായവ) പുതിയ സന്ദർഭങ്ങളിൽ ഉചിതമായി വ്യാഖ്യാനിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്നു.
* ലഘുവായ സർഗാത്മക രചന നടത്തുന്നു.
* ചുറ്റുപാടുമുള്ള സസ്യങ്ങളെ അവയുടെ പേര് ഇലകൾക്കനുസരിച്ച് സാദൃശ്യങ്ങളും വ്യത്യാസങ്ങളും നിരീക്ഷണത്തിലൂടെ തിരിച്ചറിഞ്ഞ് സസ്യങ്ങളെ തരംതിരിക്കുകയും ലോകത്തിലെ വൈവിധ്യം ആസ്വദിക്കുകയും ചെയ്യുന്നു.
* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തി എടുക്കുന്നു.

# മലയാളം

| പഠനനേട്ടം | പ്രവർത്തനങ്ങൾ | പ്രവർത്തന വിശദീകരണം | കാലയളവ് |
|---|---|---|---|
| അക്ഷര സ്ഫുടതയോടെയും ഒഴുക്കോടെയും ആശയവ്യക്തതയോടെയും ഉള്ള വായന | വായിക്കാം, എഴുതാം , വായിക്കാം. | ❖ കുട്ടികൾക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന.<br>❖ നിശബ്ദ വായന.<br>❖ വായനാ കാർഡ് നോക്കി നോട്ട്ബുക്കിൽ എഴുതൽ.<br>❖ നിശബ്ദ വായന.<br>❖ ഉച്ചത്തിൽ വായന<br>❖ വായനാകാർഡ് നൽകുന്നു. | 2 ആഴ്ച |
| | വായിക്കാം, എഴുതാം , വായിക്കാം.<br><br>തുടർപ്രവർത്തനം | ❖ കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>❖ വായനാ കാർഡ് നോക്കി നോട്ട്ബുക്കിൽ എഴുതൽ.<br>❖ കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>❖ കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു. | 2 ആഴ്ച |
| | ആശയം പറയാം | ❖ കുട്ടിക്ക് കഥ പുസ്തകം/വായനാ കാർഡ് നൽകുന്നു.<br>❖ നിശബ്ദ വായന.<br>❖ വായിച്ചറിഞ്ഞ ആശയം പറയൽ.<br>❖ ആവശ്യമെങ്കിൽ ആവർത്തനവായന.<br>❖ കുട്ടികൾക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിൽ വായന. | ജൂൺ |
| | ആശയം പറയാം<br><br>തുടർപ്രവർത്തനം | ❖ കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>❖ കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>❖ വായിച്ചറിഞ്ഞ ആശയം രക്ഷിതാവിന് പറഞ്ഞുകൊടുക്കുന്നു. | ജൂൺ |

| | | | |
|---|---|---|---|
| | വായിക്കാം കൂട്ടുകാരെ | ❖ കുട്ടിക്ക് വായനാകാർഡ് നൽകുന്നു.<br>❖ നിശബ്ദ വായന<br>❖ ഉച്ചത്തിൽ വായന<br>❖ കൂട്ടുകാർക്ക് മുന്നിൽ ഒഴുക്കോടെയുള്ള ഉച്ചത്തിലുള്ള വായന. | ജൂൺ - ജൂലൈ |
| | വായിക്കാം കൂട്ടുകാരെ തുടർപ്രവർത്തനം | ❖ കുട്ടിക്ക് ഒരു വായനാകാർഡ് നൽകുന്നു.<br>❖ കുട്ടി രക്ഷിതാവിന് വായനാകാർഡ് വായിച്ച് കേൾപ്പിക്കുന്നു.<br>❖ കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു. | ജൂൺ - ജൂലൈ |
| | വായിക്കാം.. അഭിപ്രായം പറയാം | ❖ കുട്ടികൾക്ക് കഥ കാർഡ് നല്കുന്നു.<br>❖ വായിച്ച് അവതരിപ്പിക്കാൻ അവസരം നല്കുന്നു.<br>❖ കഥാപാത്രങ്ങളെ കുറിച്ചും കഥയെക്കുറിച്ചും അഭിപ്രായം പറയാൻ അവസരം നല്കുന്നു. | ജൂൺ - ഓഗസ്റ്റ് |
| | ക്ലാസ് റൂം ലൈബ്രറി | ❖ ക്ലാസ് റൂം ലൈബ്രറി ഒരുക്കുന്നു.<br>❖ ലൈബ്രേറിയൻ ആയി കുട്ടികളെ തന്നെ തെരഞ്ഞെടുക്കുന്നു.<br>❖ പുസ്തക വിതരണം<br>❖ വായന, വായനാനുഭവം പങ്കുവയ്ക്കൽ | ജൂൺ - ഡിസംബർ |
| കവിത, കഥ എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. | കഥ കാണാം, എഴുതാം | ◆ കുട്ടിക്ക് ICT ഉപയോഗിച്ച് കഥ കാണാൻ അവസരം.<br>◆ കുട്ടി കണ്ട കഥ സ്വയം എഴുതാൻ അവസരം.<br>❖ കഥ സ്വയം എഴുതൽ.<br>❖ അധ്യാപികയുടെ ഇടപെടൽ.<br>❖ മെച്ചപ്പെടുത്തി എഴുതൽ. | 2 ആഴ്ച |

| | | |
|---|---|---|
| കഥ കാണാം, എഴുതാം ഇടർപ്രവർത്തനം | ❖ രക്ഷിതാവിന് കുട്ടി എഴുതിയ കഥ വായിച്ച് കേൾപ്പിക്കുന്നു.<br>❖ കുട്ടി വായിക്കുന്നതിന്റെ ഓഡിയോ/വീഡിയോ അയച്ച് തരുന്നു. | 2 ആഴ്ച |
| ചിത്രത്തിലെന്തെല്ലാം | കുട്ടിക്ക് ചിത്രം നിരീക്ഷിക്കാൻ അവസരം നൽകുന്നു. കണ്ട ചിത്രം നിരീക്ഷിച്ച് കുട്ടി വിവരണം എഴുതുന്നു.<br>❖ ചിത്രത്തിൽ എന്തെല്ലാമെന്ന് പറയാൻ അവസരം.<br>❖ വിവരണം എഴുതൽ.<br>❖ അധ്യാപികയുടെ ഇടപെടൽ.<br>❖ രചന മെച്ചപ്പെടുത്തൽ. | 2 ആഴ്ച |
| എന്തെല്ലാം കാഴ്ചകൾ | ❖ കുട്ടിക്ക് രക്ഷിതാവിന്റെ സഹായത്തോടെ തന്റെ പരിസരം നിരീക്ഷിച്ച് ഒരു കുറിപ്പ് കുറിപ്പെടുത്താൻ അവസരം.<br>❖ എഴുതിയ കുറിപ്പ് വായിക്കുന്ന ഓഡിയോ/വീഡിയോ അയക്കുന്നു. | 2 ആഴ്ച |
| കവിത പൂർത്തിയാക്കാം പാടി അവതരിപ്പിക്കാം | ◆ കവിത പൂർത്തിയാക്കാൻ അവസരം.<br>◆ കവിതയ്ക്ക് ഈണം കണ്ടെത്തി പാടുന്നു.<br>◆ കൂടുതൽ വരികൾ കൂട്ടിച്ചേർക്കുന്നു.<br><br>eg :<br>വിദ്യപൂക്കും പൂന്തോട്ടത്തിൽ വാർത്തയെന്തുണ്ട്?<br>വിദ്യപൂക്കും പൂന്തോട്ടത്തിൽ വാർത്തയെന്തുണ്ട്?<br>വാർത്തയെന്തുണ്ട്?<br>നാട്ടുമാവ് പൂത്തുലഞ്ഞ വാർത്തയുണ്ടല്ലോ<br>വിദ്യപൂക്കും പൂന്തോട്ടത്തിൽ വാർത്തയെന്തുണ്ട്?<br>വാർത്തയെന്തുണ്ട്?<br>മാവുകളിൽ മാങ്ങനിറഞ്ഞ വാർത്തയുണ്ടല്ലോ | ജൂൺ - സെപ്റ്റംബർ |

| | | | |
|---|---|---|---|
| | | ........................................<br>........................................<br>........................................<br>........................................<br>❖ കുട്ടി എഴുതിയ കവിത രക്ഷിതാവിന് പാടിക്കേൾപ്പിക്കുന്നു.<br>❖ കവിത പാടുന്നതിന്റെ ഓഡിയോ/വീഡിയോ അയക്കുന്നു. | |
| | സർഗാത്മക രചന | ❖ കുട്ടിക്ക് ഇഷ്ടമുള്ള കഥാപാത്രങ്ങളെ ഉൾപ്പെടുത്തി സ്വയം കഥ എഴുതാൻ അവസരം.<br>❖ കുട്ടി എഴുതിയ കഥ വായിച്ച് കൂട്ടിച്ചേർക്കലുകൾ/ നിർദേശങ്ങൾ നൽകുന്നു.<br>❖ കുട്ടി കഥ മെച്ചപ്പെടുത്തി എഴുതുന്നു.<br>❖ കൂട്ടുകാർക്ക് മുന്നിൽ അവതരിപ്പിക്കുന്നു. | ജൂൺ - ഡിസംബർ |
| | ക്ലാസ് റൂം ലൈബ്രറി | ❖ വായനക്കുറിപ്പ് | ഓഗസ്റ്റ് - മാർച്ച് |

# ആർ.ജി.എം.എൽ.പി.എസ് ചെറുകര

## അക്കാദമിക് മാസ്റ്റർ പ്ലാൻ

ക്ലാസ്: മൂന്ന്                വിഷയം: പരിസര പഠനം

ലക്ഷ്യം : 1

- പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
- ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പപര്യവും വളർത്തുക.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ - ഒക്ടോബർ | പ്രകൃതി നടത്തം<br>• ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം<br>• പ്രത്യേകതകൾ മനസ്സിലാക്കാം<br>• വിവിധ ആവാസവ്യവസ്ഥകൾ അടുത്തറിയാം<br>• ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച<br>• നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം. സ്വയം തിരുത്താം (ഫീൽഡ് ട്രിപ്പ്)<br>• പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം ( ഡോക്യുമെന്ററി പ്രദർശനം)<br>• ചർച്ച - തെറ്റും ശരിയും |
| 2 | ജൂൺ - മാർച്ച് | പൂന്തോട്ടം ഒരുക്കാം<br>• സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ<br>• വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ |
| 3 | ജൂൺ - മാർച്ച് | ഒരു തൈ നടാം<br>• പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ<br>• നട്ട വൃക്ഷത്തൈ പരിപാലിക്കൽ |

| | | |
|---|---|---|
| 4 | ജൂൺ | പോസ്റ്റർ നിർമ്മാണം<br>• പ്രകൃതിസംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ<br>• പരിസരങ്ങളിൽ പതിക്കൽ. |
| 5 | മാർച്ച് - മെയ് | ദാഹജലം<br>• പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം. |

ലക്ഷ്യം : 2

**കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.**

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ - മാർച്ച് | ദിന കൃത്യങ്ങൾ<br>• ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന ബോധം ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു.<br>• കുട്ടികളെ ഗ്രൂപ്പുകളാക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു. |
| 2 | ജൂലൈ - മാർച്ച് | നമ്പർ വൺ<br>• ക്ലാസ് തലത്തിൽ ശുചിത്വ മത്സരം<br>• വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു. |
| 3 | ജൂൺ - ഡിസംബർ | പരിസര നടത്തം<br>• നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം - സർവ്വേ<br>• മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു<br>• പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ |
| 4 | ജൂലൈ _ മാർച്ച് | നല്ല ശീലം<br>• പോസ്റ്ററുകൾ തയ്യാറാക്കാം.<br>• പരിസരങ്ങളിൽ പതിക്കാം. |

# ആർ.ജി.എം.എൽ.പി.എസ് ചെറുകര

## അക്കാദമിക മാസ്റ്റർ പ്ലാൻ : ക്ലാസ് 3

### ഗണിതം

ലക്ഷ്യം: 1

- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ | നറുക്കെടുക്കാം<br>• സഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>• കിട്ടിയ സംഖ്യ വായിക്കാം.<br>• മറ്റുള്ളവർ സംഖ്യ എഴുതുന്നു. |
| 2 | ജൂൺ | 10 ചങ്ങാതിമാർ<br>• സംഖ്യ നറുക്ക് എടുക്കുന്നു.<br>• കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. |
| 3 | ജൂൺ - സെപ്റ്റംബർ | പാറ്റേൺ പൂർത്തിയാക്കാം<br>• വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ. |
| 4 | ജൂൺ - ഓഗസ്റ്റ് | ക്രമത്തിലാക്കാം<br>• വ്യത്യസ്ത സംഖ്യകൾ നൽകുന്നു<br>• ആരോഹണ ക്രമം, അവരോഹണ ക്രമം എഴുതുക. |

ലക്ഷ്യം: 2

- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക / നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ | കൂട്ടങ്ങളാക്കാം<br>• ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം.<br>• കളി നോട്ട് / ഗ്രിഡ് ഉപയോഗിച്ച് 1, 10, 100, 1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം. |

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 2 | 2 ആഴ്ച്ച | സംഖ്യാ സൂര്യൻ<br>• ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>• ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. |
| 3 | ജൂൺ - സെപ്റ്റംബർ | ക്രമീകരിക്കാം<br>• സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം.<br>• അരവിന് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം. |

ലക്ഷ്യം: 3

## മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കൽ. അവസരം ഒരുക്കൽ.

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 2 | ജൂലൈ | സമയ ചക്രം<br>• ബ്ലാക്ക് & വൈറ്റ് ചാർട്ട് ഉപയോഗിച്ച് സമയചക്രം തയ്യാറാക്കുന്നു.(am / pm)<br>• സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്ന പരിഹരണത്തിന് ഉപയോഗപ്പെടുത്തുന്നു |
| 1 | സെപ്റ്റംബർ - ഫെബ്രുവരി | ക്ലാസിൽ ഒരു കട (കുഞ്ഞുകട ) / കച്ചവട കണക്ക്<br>• കുട്ടികളുടെ ബുക്ക്, പേന, പെൻസിൽ, വെള്ളം, അരി etc. ചേർത്ത് അവസ്റ്റ് വില നൽകി കട ക്രമീകരിക്കുന്നു.<br>• ത്രാസ്, അളവ് പാത്രങ്ങൾ ക്രമീകരിന്നു.<br>• ആവശ്യമുള്ളവ അളന്നെടുക്കുന്നു.<br>• കളി നോട്ട് ഉപയോഗപ്പെടുത്തി കച്ചവടക്കളി ഒരുക്കുന്നു. കടക്കാരനും കസ്റ്റമറും കുട്ടികൾ തന്നെ.<br>• സാധനം വാങ്ങുകയും പണം (കളിനോട്ട്) കൈകാര്യം ചെയ്യുകയും ചെയ്യുന്നു.<br>• ഗ്രൂപ്പിൽ ചർച്ച നടക്കുന്നു.<br>• പ്രയാസങ്ങൾ ഗ്രൂപ്പിൽ / അധ്യാപകന്റെ സഹായത്തോടെ പരിഹരിക്കുന്നു. |

Learning out comes : 4
- Identifies rhyming words from the poem

| Sl. No. | Month | Activities |
|---|---|---|
| 1 | July to September | Rhyming words<br>• Plays the audio of song.<br>• Let the learner sing after the audio<br>• Discussion<br>• Identifies rhyming words |

Learning out comes : 5
- Add lines to a poem following a set Pattern.

| Sl. No. | Month | Activities |
|---|---|---|
| 1 | July to December | Add Morelines<br>• Plays the audio of song<br>• Let the learner sing after the audio<br>• Add lines to the poem. |

Learning out comes : 6
- Reads and understands the given stories and Poems.

| Sl. No. | Month | Activities |
|---|---|---|
| 1 | December to March | Let's Read<br>• Provides the opportunity to read simple stories and poems.<br>• They tell the story they read. |

Learning out comes : 7
- Makes simple riddles

| Sl. No. | Month | Activities |
|---|---|---|
| 1 | August to March | Riddles<br>• Gives children the opportunity to hear and answer simple riddles.<br>• Makes simple riddles<br>• Slow learners:- Gives opportunity to express their idea in Malayalam. |

Learning out comes : 8
- Undertakes simple project work given

| Sl. No. | Month | Activities |
|---|---|---|
| 1 | October to march | Projectworks<br>• Gives instructions<br>• Data Collection<br>• Codifying |

ക്ലാസ് -4

# ആമുഖം

പൊതുവിദ്യാഭ്യാസം സമഗ്രഗുണമേന്മാവിദ്യാഭ്യാസപദ്ധതിലക്ഷ്യങ്ങൾക്കനുസൃതമാക്കി കുട്ടികൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. പ്രത്യേകപരിഗണന അർഹിക്കുന്ന കുട്ടികൾക്കായി എളുപ്പത്തിൽ **അനുരൂപീകരണം** നടത്താവുന്ന പഠനപ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. ലിംഗവിവേചനം ഇല്ലാതാക്കുക, പഠനലക്ഷ്യങ്ങൾ നിറവേറ്റുക, സമൂഹത്തിന്റെ പങ്കാളിത്തം വിദ്യാഭ്യാസമേഖലയിൽ ഉറപ്പുവരുത്തുക തുടങ്ങി അതിവിശാലമായ ഒരു ഉന്നമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. സാഹചര്യങ്ങൾക്കനുസൃതമായി പുതിയ ധാരാളം പ്രവർത്തനങ്ങളെ ഉൾക്കൊള്ളിക്കാനുള്ള അവസരവും ഇതിൽ ലഭ്യമാണ്. ICT സാധ്യതകൾ പരമാവധി ഉൾപ്പെടുത്തി നാലാം തരത്തിലെ കുട്ടികളെ ശിശുസൗഹൃദരീതിയിൽത്തന്നെ പുതിയ കാലത്തിനായി സജ്ജരാക്കുക എന്നതാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

# മലയാളം - IV



| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദീകരണം | ചുമതല | കാലം |
|---|---|---|---|---|
| ഡോക്യുമെന്റേഷൻ | ഡോക്യുമെന്ററി കാണൽ/തയ്യാറാക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകളുടെ സംഘടിപ്പിക്കലും പ്രദർശനവും | ടീച്ചർ SRG | ജൂൺ-മാർച്ച് |
| നാടൻ ഭക്ഷണ വിഭവങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള പാചകപ്പതിപ്പ് ക്ലാസിലൊരു സദ്യ | ഭക്ഷ്യവിഭവങ്ങൾ തയ്യാറാക്കൽ വീഡിയോ നിർമ്മാണം. പാചകക്കുറിപ്പ് തയ്യാറാക്കൽ | SRG HM PTA SMC രക്ഷിതാവ് ടീച്ചർ | വർഷത്തിൽ ഒന്ന് |
| സാഹിത്യകാരൻമാരെ പരിചയപ്പെടൽ | ഓർമദിനാചരണം പുസ്തകപരിചയം ഡോക്യുമെന്ററി | ദിനാചരണങ്ങൾ സംഘടിപ്പിക്കൽ പുസ്തകവായന ആത്മകഥ/ജീവചരിത്രം പരിചയപ്പെടൽ<br>ICT | ടീച്ചർ | ജൂൺ-മാർച്ച് |
| കലകൾ | നാടൻകലകൾ | ICT<br>വീഡിയോ പ്രദർശനം<br>അനുഭവക്കുറിപ്പ്<br>കലാകാരൻമാരുമായി അഭിമുഖം | ടീച്ചർ | ജൂൺ-മാർച്ച് |
| സർഗ്ഗോത്സവം | സർഗ്ഗശേഷികളുടെ പ്രദർശനം | ക്ലാസ്‌തല അവതരണങ്ങൾ കലോത്സവങ്ങൾ | HM PTA ടീച്ചർ SRG | ആവശ്യാനുസരണം അവസരങ്ങൾ |

# ENGLISH - IV



| Learning Objectives | Activities | Activity Details | Duty | Duration |
|---|---|---|---|---|
| To overcome language difficulties | Picture Description<br>Reading Cards<br>Simple classroom talks | • Different picture description<br>• Word cards<br>• Picture cards<br>• Sentence cards<br>• Dialogues | Teacher | June to July |
| Poem/Story comprehension | Rhymes<br>Short stories<br>Simple poems | • Rhyming words<br>• Playing audio songs<br>• Showing short stories videos.<br>• Activities for slow learners. Gives enough opportunities to express their idea in Malayalam.<br>• Alphabetical order.<br>• ICT | Teacher | June-March. |

## ENGLISH - IV

| Learning Objectives | Activities | Activity Details | Duty | Duration |
|---|---|---|---|---|
| Riddles/ Puzzles Making | Simple riddles. Simple puzzles | • Riddle game<br>• Group work | Teacher | June - March |
| Magazine | Poster Making<br>Different poems writing, story writing. | • Workshop for making magazine. | Teacher | June - March |
| Drama, Project | Dialogue<br>Conversation<br>Dictionary | • ICT<br>• Drama workshop<br>• Conversation practice<br>• Dictionary usage. | Teacher<br>HM<br>SRG | June - March. |
| Gives enough opportunities to everyone to talk in English inside and outside the classroom. Gives enough hearing experiences. Gives spoken English classes to attain daily English. | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദീകരണം | ചുമതല | കാലയളവ് |
|---|---|---|---|---|
| സംഖ്യാബോധം (1-1000 സംഖ്യകൾ എണ്ണുന്നു എഴുതുന്നു) | സംഖ്യാകാർഡ്<br>സംഖ്യാപാറ്റേൺ | • എടുക്കുന്ന സംഖ്യാകാർഡുകളിലെ സംഖ്യ ഉറക്കെ വായിക്കുന്നു.<br>• മറ്റുള്ളവർ എടുക്കുന്ന സംഖ്യാകാർഡിലെ സംഖ്യ എഴുതുന്നു.<br>• സംഖ്യാപാറ്റേൺ കണ്ടെത്തുന്നു | ടീച്ചർ | 1 ആഴ്ച |
| മൂന്നക്ക/നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കൽ | കൂട്ടങ്ങളാക്കാം.<br><br>സംഖ്യാസൂര്യൻ<br><br>അബാക്കസ് | ഇഷ്ടമുള്ള സംഖ്യകളെ 1, 10, 100, 1000 ന്റെ കൂട്ടങ്ങളാക്കുന്നു<br><br>മൂന്നക്ക/നാലക്ക സംഖ്യയിലെ അക്കങ്ങളെ പരസ്പരം മാറ്റി പുതിയ സംഖ്യകൾ രൂപീകരിക്കുന്നു. സ്ഥാനവിലയിലെ മാറ്റം തിരിച്ചറിയുന്നു.<br>ജി കോംപ്രിസ്<br>കുട്ടികൾ പറയുന്ന സംഖ്യകളെ വേഗത്തിൽ അബാക്കസിൽ ക്രമീകരിക്കുന്നു. | ടീച്ചർ | ജൂൺ-ആഗസ്റ്റ് |

# ഗണിതം - IV

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദീകരണം | ചുമതല | കാലയളവ് |
|---|---|---|---|---|
| ചതുഷ്ക്രിയ | വിവിധ കളികൾ | ഏണിയും പാമ്പും<br>ഡൈസ്<br>ക്ലാസിലെ കട<br>വിലവിവരപ്പട്ടിക<br>സംഖ്യാചക്രം ഉപയോഗിച്ച് കിട്ടുന്ന സംഖ്യകളെ ചതുഷ്ക്രിയ ചെയ്യൽ<br>ജി കോംപ്രിസ്<br>ജോഡി കണ്ടെത്താം | ടീച്ചർ | ജൂൺ-മാർച്ച് |
| അളവുതൂക്കം സമയം | പ്രായോഗിക പ്രശ്നങ്ങൾ<br>ജി-കോംപ്രിസ് സാധ്യതകൾ | സമയം, അളവ്, തൂക്കം എന്നിവയുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ, കൺവേർഷൻ, അളവുപാത്ര-നിർമ്മാണം, തൂക്കക്കട്ടി-നിർമ്മാണം, ക്ലോക്ക് നിർ-മ്മാണം, am, pm തിരിച്ചറിയൽ, Train time (24 hours) | ടീച്ചർ | ജൂലൈ-മാർച്ച് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദീകരണം | ചുമതല | കാലയളവ് |
|---|---|---|---|---|
| നിരീക്ഷണം<br>അറിവുനിർ-<br>മാണം. | പ്രകൃതിനടത്തം<br>ഫീൽഡ് ട്രിപ്പ്<br>പൂന്തോട്ടമൊരുക്കൽ<br>അടുക്കളത്തോട്ടം<br>ദാഹജലം ഒരുക്കൽ | ജീവജാലങ്ങളെ നിരീക്ഷിക്കുന്നു<br>ചുറ്റുപാടിന്റെ പ്രത്യേകത<br>ആവാസവ്യവസ്ഥ.<br>ആഹാരസ്വയംപര്യാപ്തത<br>മലിനീകരണത്തിനെതിരെ<br>റാലി. | സ്കൂൾ<br>ടീച്ചർ<br>PTA<br>HM<br>SRG<br>രക്ഷിതാവ്<br>സമൂഹം. | ജൂൺ<br>മാർച്ച് |
| പരിസ്ഥിതി<br>സൗഹൃദമനോ-<br>ഭാവം | ലഘുപ്രോജക്ട്<br>പോസ്റ്റർനിർമാണം. | പൊതുജനബോധവത്കരണം.<br>തിയേറ്റർ (നാടകം) സാധ്യതകൾ<br>ICT | | |
| മലിനീകരണ-<br>ത്തിനെതിരെ<br>തിരിച്ചറിവ് | മലിനീകൃതമാക്കപ്പെട്ട<br>പ്രകൃതിയെ നിരീ-<br>ക്ഷണം/നദി/അന്തരീക്ഷ/<br>മണ്ണ്<br>ലഘുനാടകം. | പ്രകൃതിപരിപാലനം. | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | വിശദീകരണം | ചുമതല | കാലയളവ് |
|---|---|---|---|---|
| വ്യക്തിശുചിത്വം<br>പരിസരശുചിത്വം | ദിനകൃത്യങ്ങൾ<br><br>നമ്പർ വൺ<br><br>പരിസരനടത്തം<br><br>നല്ല ശീലങ്ങൾ | ആരോഗ്യശീലങ്ങൾ / ആഹാര-ശീലങ്ങൾ എന്നിവയുടെ നാടകീകരണം.<br><br>ശുചിത്വമത്സരം.<br><br>മലിനീകരണപ്രശ്നങ്ങൾ തിരിച്ചറിയുന്നു.<br><br>പോസ്റ്റർ<br>പതിപ്പ്<br>ICT | ടീച്ചർ | ജൂൺ-മാർച്ച് |
| ശാസ്ത്രമൂല | ശാസ്ത്രപഠന സാമഗ്രികൾ ഒരുക്കൽ | പരീക്ഷണം.<br>പ്രോജക്ട് | ടീച്ചർ | വർഷം മുഴുവൻ ആവശ്യാനുസരണം |
| ശാസ്ത്രയാത്ര | സയൻസ് പാർക്ക്<br>വാനനിരീക്ഷണ കേന്ദ്രം | സന്ദർശനം.<br>ക്വസ്റ്റ്യനെയർ<br>വിശകലനം. | ടീച്ചർ<br>SRG<br>PTA | വർഷത്തിൽ ഒന്ന് |

# PRE·PRIMARY

# ACADAMIC MASTERPLAN

# 2025-2026

SCHOOL NAME :- R.G.M.L.P.S CHERUKARA

SUBDISTRIC :- ANCHAL.

SCHOOL CODE :- 40308

B.R.C. :- ANCHAL

C.R.C. :- KULATHUPUZA.

# ആമുഖം.

ശൈശവാന്ത്യ സവിശേഷ-
മായൊരു ജീവിതാവസ്ഥയായാണ് നോക്കി
കാണേണ്ടത്. ദ്രുതഗതിയിലുള്ള മസ്തിഷ്ക
വികാസവും ശാരീരിക വളർച്ചയും നടക്കുന്ന
കാലമാണിത്. ഈ കാലഘട്ടത്തിലെ ശിശുപരി
പാലനവും, പരിരക്ഷയും വിദ്യാഭ്യാസവും
ഏറെ ഗൗരവത്തോടെ നടപ്പിലാക്കണം
സർഗാത്മകവും ചടുലവും പരിസരബന്ധിതവും
ജീവിതഗന്ധിയുമായ ഒരു പ്രവർത്തനപരിപാടിയാണ്
നമുക്കാവശ്യം. മാറിവരുന്ന സമൂഹത്തിന്റെ
ആവശ്യങ്ങളും, കുട്ടികളുടെ വികാസവും. ശാസ്ത്രീയ
മായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ ശിശു
പരിചരണ വിദ്യാഭ്യാസ പദ്ധതി ആസൂത്രണം
ചെയ്യുന്നു.

ആർ. ജി. എം. എൽ. പി. സ്കൂളിൽ
2009. ൽ ആണ് പ്രീ. പ്രൈമറി ആരംഭി
ച്ചത്. ഒരു ടീച്ചറും. ഒരു ഹെൽപ്പറും മാണ്
ഉള്ളത്. പ്രീ. പ്രൈമറി മുതൽ നാലാം ക്ലാസ്
വരെ കുട്ടികൾ പഠിക്കുന്നു. പരിമിതമായ
ചുറ്റുപാടിൽ നിന്നും വരുന്ന കുട്ടികളുടെ എല്ലാ
വികാസ മേഖലകളും സാധ്യമാകുന്ന പ്രവർത്തന
ങ്ങൾ ആസൂത്രണം ചെയ്യാൻ ശ്രമിക്കുന്നു.

# വികാസ മേഖലകൾ

* ശാരീരിക ചാലക വികാസം
* വൈജ്ഞാനിക വികാസം
* സാമൂഹികവും. വൈജ്ഞാനികവുമായ
* വികാസം
* ഭാഷാ വികാസം.

വികാസ മേഖലകൾ എല്ലാം
സാധ്യമാകുന്ന പ്രവർത്തനങ്ങൾ എടുക്കുന്നു.

# ഭൗതികസാഹചര്യം

നൈസർഗ്ഗികസാഹചര്യത്തിൽ കുട്ടികൾക്ക് ലഭ്യമാകുന്ന ഭൗതികസാഹചര്യങ്ങൾ കൂടി പരിഗണിക്കേണ്ടതുണ്ട്.

* കുട്ടികൾക്ക് കളിക്കാനുള്ള കളിയുപകരണങ്ങൾ
* കുട്ടികൾക്ക് എല്ലാവർക്കും ഒരുമിച്ച് ഇരിക്കാനുള്ള സൗകര്യം.
* ബാത്ത്റൂം സൗകര്യം
* കൈകഴുകാനും മറ്റും അവരുടെ ഉയരത്തിന് അനുസൃതമായ പൈപ്പുകൾ.
* ആരോഗ്യപ്രദമായ ഭക്ഷണം കഴിക്കാനുള്ള സൗകര്യം
* I. C. T. സാധ്യതകൾ.
* Chiled friendly ഉപകരണങ്ങൾ

# അക്കാദമികം

ക്ലാസ്തല പ്രവർത്തനങ്ങൾ.

ക്ലാസ് മുറികളിൽ തയ്യാറാക്കിയിരിക്കുന്ന വിവിധ മൂലകൾ പ്രയോജനപ്പെടുത്തുന്നു.

സംഗീതമൂല
വായനാ മൂല
അക്ഷര മൂല
നിർമ്മാണ മൂല
ഗണിത മൂല . -etc.

ഓരോ ദിവസമനുസരിച്ചും മൂലകൾ സജ്ജമാക്കി പ്രവർത്തനങ്ങളുടെ മുന്നൊരുക്കം നടത്തുന്നു.

## ലക്ഷ്യം

ശിശുവിന്റെ വളർച്ചയും വികാസവും ഒരു തുടർപ്രക്രിയയാണ്. ശൈശവത്തിൽ തുടങ്ങുന്നതിലൂടെ വളർച്ചയും വികാസവുമാണ് നടക്കുന്നതിനെക്കുറിച്ച് ചിന്താസരണികൾ നടപ്പിലാകുന്നു.

സാമൂഹിക, കുടുംബപശ്ചാത്തലം സാംസ്കാരിക ചുറ്റുപാട് എന്നിവയിലൂടെ മാത്രം ഒരു കുട്ടിയുടെയും വളർച്ചയും വികാസ മേഖലകളും സാദ്ധ്യമാകുന്നത് എന്നത് കൊണ്ട്, കളിത്തോണി എന്ന പുസ്തകത്തിലെ കളിപ്രവർത്തനങ്ങളെ രക്ഷിതാക്കളെയും ഉൾപ്പെടുത്തി നടത്തുവാൻ ശ്രമിക്കുന്നു.

## ശില്പശാല

കുട്ടികൾക്ക് നൽകിയ പ്രവർത്തനങ്ങൾ എല്ലാം ഏകോപിപ്പിച്ചുകൊണ്ട് ഒരു കുട്ടിക്കൂട്ടം പരിപാടി സംഘടിപ്പിക്കാം. അതിന് വേണ്ട സാധനങ്ങൾ നിർമ്മിക്കാൻ ശില്പശാലകൾ സംഘടിപ്പിക്കാം. രക്ഷിതാക്കളെയും P.T.A. അംഗങ്ങളെയും ഉൾപ്പെടുത്തി ഒരുക്കുന്ന ശില്പശാലകൾ നടത്താം.

## വായനാക്കൂട്ടം

കഥകൾ കുട്ടികൾക്ക് വളരെ ഇഷ്ടമുള്ള ഒന്നാണ്. അതിന് വേണ്ടി. രക്ഷിതാക്കളെ മുഴുവൻ പേരെയും ഉൾപ്പെടുത്തി വായനാക്കൂട്ടം തയ്യാറാക്കാം. മാസത്തിൽ ഒരു ദിവസം കഴിയുന്നത്ര രക്ഷിതാക്കൾക്ക് പുസ്തകം നൽകുകയും അതിലെ കഥകൾ അവതരിപ്പിക്കാൻ അവസരം നൽകുകയും ചെയ്യാം.

വിദ്യാലയം ഭൗതിക സാഹചര്യങ്ങൾ നിലവിൽ

| നം | വിഭാഗം | നിലവിലുള്ളത് | ആവശ്യമുള്ളത് |
|---|---|---|---|
| 1 | ക്ലാസ്മുറികൾ | 2 | 6 |
| 2 | ഓഫീസ് | 1 | |
| 3 | ലൈബ്രറി | 1 | |
| 4 | ടോയ്‌ലറ്റ് | 5 | |
| 5 | യൂറിനൽ | 3 | |
| 6 | കുടിവെള്ളം | കിണർ പൈപ്പ് | |
| 7 | കമ്പ്യൂട്ടർ | 10. | |
| 8 | വാഹനസൗകര്യം. | വിദ്യാവാഹിനി. | |
| 9 | സ്മാർട്ട് ക്ലാസ്റൂം. | 1 പാനൽ, സൗണ്ട്-സിസ്റ്റം | |
| 10 | ശിശുസൗഹൃദ പ്രീപ്രൈമറി ക്ലാസ്. | 1 | വർണകൂടാരം. |

# വിദ്യാലയ വികസന പദ്ധതി

പ്രീ-പ്രൈമറി മുതൽ നാലാം ക്ലാസ് വരെ കുട്ടികൾ പഠിക്കുന്ന ഈ സ്ഥാപനത്തിൽ നിലവിലെ ഭൗതിക സാഹചര്യങ്ങളെ മെച്ചപ്പെടുത്താനും കാലാനുസൃതമായി ഉയർത്തി ലോകോത്തര വിദ്യാലയത്തിലേക്ക് എത്തിക്കാനുള്ള കരട് പദ്ധതി.

- **പുതിയ കെട്ടിടം**

നിലവിലെ കാലപ്പഴക്കം ചെന്ന കെട്ടിടം പൊളിച്ചുമാറ്റുകയും അവിടെ സൗകര്യങ്ങളോടുകൂടിയ ഒരു ബഹുനില കെട്ടിടം ആവശ്യം. സ്കൂൾ മുറ്റത്തുള്ള വലിയ മൺതിട്ട എടുത്തുമാറ്റി കുട്ടികൾക്ക് കളിക്കുന്നതിനായി ഒരു കളിസ്ഥലം ആവശ്യമാണ്

- **അടുക്കള:**

ആധുനിക സൗകര്യങ്ങളോടുകൂടിയ അടുക്കള നിർമ്മാണം. ഗ്യാസ് അടുപ്പ്. ടൈൽസ്, ഷെൽഫ്, ഫ്രിഡ്ജ്, എന്നിങ്ങനെ ആധുനിക സൗകര്യങ്ങൾ സജ്ജീകരിക്കുക.

## കിണർ നവീകരണം

നിലവിലെ കിണർ അറ്റകുറ്റ പണികൾ നടത്തുക.

- അപകട ഭീഷണിയുള്ള മരങ്ങൾ കോതി നിർത്തുക.
- വന്യമൃഗങ്ങളുടെ ശല്യം ഒഴിവാക്കുവാൻ ചുറ്റുമതിൽ നിർമ്മിക്കുക.
- സാങ്കേതിക വിദ്യകൾ കാര്യക്ഷമമായി ഉപയോഗിക്കുവാൻ ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുക.
- സ്കൂൾ സുരക്ഷയുടെ ഭാഗമായി C.C.T.V. സ്ഥാപിക്കുക.

അറ്റകുറ്റപണികൾ പൂർത്തിയാക്കി സ്കൂൾ സൗന്ദര്യവൽക്കരണം